**30th October 2015 / Friday** **5th day of 90 days**

**II കൊരിന്ത്യർ 4:11**

**ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന് ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലാപ്പോഴും യേശു നിമിത്തം മരണത്തിൽ ഏൽപ്പിക്കുന്നു.**

**നാം ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിൽ, ഈ ലോകത്തിനുവേണ്ടി മരണത്തിൽ ഏൽപ്പിച്ചാൽ, ശാരീരകമരണമല്ല, മോഹങ്ങളെയും ആഗ്രഹങ്ങളെയെല്ലാം ഇല്ലാതാക്കി യേശുവിന്റെ ഇഷ്ടത്തിനു മാത്രം ജീവിക്കുമ്പോഴാണ് നാം ഈ ലോകത്തിൽ മരിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ വാങ്ങിപ്പോയ വിശ്വാസികളുടെ മർത്യശരീരം മണ്ണിൽ നിന്ന് രൂപാന്തരം പ്രാപിച്ച് ഉയിർക്കപ്പെടുന്നു. അന്ന് ആ ശരീരം ഉയിർത്തെഴുന്നേററ് യേശു മണവാളന്റെ കൂടെ സന്തോഷിക്കണമെങ്കിൽ, ജീവിച്ചിരിക്കുമ്പോൾ തന്നെ യേശുവിനു വേണ്ടി നാം ഈ ലോകത്തിന്റെ സർവ്വമോഹങ്ങൾക്കും താൽപര്യങ്ങൾക്കും മരിക്കണം. ഒന്നിനോടും ഒരു ആഗ്രഹവും ഉണ്ടാകാൻ പാടില്ല. യേശുക്രിസ്തുവിന്റെ കൂടെ ജീവിക്കാനും, അവന്റെ ഇഷ്ടത്തിനൊത്ത് ജീവിച്ച്, ദൈവപദ്ധതികൾ പൂർത്തീകരിക്കാൻ കഷ്ടതകളും പ്രയാസങ്ങളും സഹിക്കാനും വഹിക്കാനും നാം ശ്രമിക്കേണം. ഈ ലോകത്തിൽ കഷ്ടതകൾ സഹിക്കുമ്പോൾ നമുക്ക് ശരീരത്തിലും മനസ്സിലും വേദനയുണ്ടെങ്കിലും ആത്മീയമായി നാം സന്തോഷിക്കേണം. യേശുക്രിസ്തുവിന്റെ പ്രവർത്തങ്ങൾക്ക് നമ്മളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണിത്. ആയതിനാൽ ഈ ലോകത്തിന് അനുരൂപമാകാതെ, ദൈവത്തിന്റെ ഇഷ്ടത്തിന് മാത്രം പ്രാധാന്യം കൊടുത്ത്, നിത്യജീവനുവേണ്ടി, ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ, ശരീരത്തിൽ യേശുക്രിസ്തുവിനുവേണ്ടി കഷ്ടതകൾ സഹിക്കണം. പൗലൊസ് ശ്ലീഹായ്ക്കുണ്ടായ കഷ്ടതകൾ നമ്മുടെ ജീവിതത്തിൽ ആവർത്തിക്കാനും അതുവഴി ആത്മീയ വരങ്ങൾ നേടിയെടുത്ത് മണവാട്ടി സഭയുടെ ഒരുക്കം പൂർത്തീകരിക്കാനും നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. ഒരു നിമിഷം ആലോചിക്കുക, നാം ഈ ലോകത്തിനുവേണ്ടി മരിച്ചവരാണോ? നമ്മുടെ ശരീരത്തിൽ ക്രിസ്തുവിനുവേണ്ടി കഷ്ടതകൾ സഹിക്കുന്നുണ്ടോ? അതോ കഷ്ടതകൾ നീക്കി കളയാൻ പ്രാർത്ഥനയും നേർച്ചയും സമർപ്പിക്കുകയാണോ?**